(ബി) പ്രസ്തുത സ്ഥലം സെന്റിന് 7,500 രൂപ വച്ച് സംസ്ഥാന ഗവൺമെന്റിന് കൈമാറുന്നതിനുള്ള സമ്മതപത്രം കേന്ദ്ര സർക്കാരിന്റെ മിനിസ്ട്രി ഓഫ് അർബൻ അഫയേഴ്സ് ആന്റ് എംപ്ലോയ്മെന്റ് 7-8-2001-ൽ സംസ്ഥാന ഗവൺമെന്റിന് നൽകി. ഇതിൻ പ്രകാരം കൊരട്ടി ഗവൺമെന്റ് ഓഫ് ഇൻഡ്യ പ്രസ്സ് സ്ഥിതി ചെയ്യുന്ന പ്രദേശത്തുനിന്നും 30 ഏക്കർ ഭൂമി കേരള സർക്കാരിന്റെ ഒരു സ്റ്റാറ്റ്യൂട്ടറി സ്ഥാപനമായ കേരള ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷന് (KINFRA) കൈമാറുന്നതിനുള്ള സർക്കാർ ഉത്തരവ് G.O. (MS)No.36/2002/RD dated 14-3-2002 പ്രകാരം 14-3-2002-ന് പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) പ്രസ്തുത സ്ഥലത്ത് കേന്ദ്ര ചെറുകിട വ്യവസായമന്ത്രാലയത്തിന്റെ ഒരു പദ്ധതിയായ ചെറുകിട വ്യവസായങ്ങൾക്ക് വേണ്ടിയുള്ള ഇന്റഗ്രേറ്റഡ് ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് സ്കീം പ്രകാരം ഒരു ചെറുകിട വ്യവസായ പാർക്ക് കേന്ദ്രധനസഹായത്തോടുകൂടി സ്ഥാപിക്കുന്നതിനുള്ള അനുമതി കേരള ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷന് (KINFRA) ലഭിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥലത്ത് ഒരു ചെറുകിട വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ 2003 ഏപ്രിൽ മാസം കിൻഫ്ര ആരംഭിച്ചിട്ടുണ്ട്. ഇവിടെ ചെറുകിട വ്യവസായങ്ങൾ തുടങ്ങുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങളായ വൈദ്യുതി, റോഡ്, ജലവിതരണം, കമ്മ്യൂണിക്കേഷൻ, കോമൺഫെസിലിറ്റി സെന്റർ എന്നിവ ഒരുക്കിയതിന് ശേഷം വ്യവസായികൾക്ക് വ്യവസായം തുടങ്ങുന്നതിനായി സ്ഥലം പാട്ടത്തിന് നൽകാനാണ് ഉദ്ദേശം.

ഷൊർണ്ണൂരിൽ ആയുധ ഫാക്ടറി

12 (1197) ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിലെ ഷോർണ്ണൂരിൽ യുദ്ധോപകരണങ്ങൾ ഉണ്ടാക്കുന്ന വ്യവസായം ആരംഭിക്കുന്നതിന് പദ്ധതിയുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്തു നടപടിയാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഇതു സംബന്ധിച്ച് കേന്ദ്ര സർക്കാരിൽ നിന്നും വിവരങ്ങളൊന്നും ലഭിച്ചതായി അറിവില്ല.

(ബി) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly